## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3539** **08.11.2019 ൽമറുപടിയ്ക്ക്**

**കേന്ദ്ര മോട്ടോർ നിയമ ഭേദഗതി**

| ചോദ്യം<br>ശ്രീ. വി.എസ്.ശിവകുമാർ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാർ മോട്ടോർ നിയമ ഭേദഗതിയിലൂടെ വാഹന നിയമലംഘന ത്തിന് ഏർപ്പെടുത്തിയ പിഴയിലെ വൻ വർദ്ധനവ് ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടു ണ്ടാക്കിയ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | ഉണ്ട്. കേന്ദ്ര മോട്ടോർ വാഹന (ഭേദഗതി) നിയമം 01/09/2019 ന് രാജ്യമൊട്ടാകെ നിലവിൽ വന്നിരുന്നു. പ്രസ്തുത നിയമത്തിന്റെ ചുവടുപിടിച്ച്, സംസ്ഥാന സർക്കാർ, നിയമലംഘനങ്ങൾക്കുള്ള പിഴയുടെ നിരക്കു കൾ നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുക യുണ്ടായി. എന്നാൽ പുതിയ നിരക്കുകൾ സംബന്ധിച്ചു ണ്ടായ വ്യാപകമായ പൊതുജന പ്രതിഷേധം കണക്കിലെ ടുത്ത് സംസ്ഥാന സർക്കാർ പ്രസ്തുത പിഴ നിരക്കുകൾ പുനഃപരിശോധിക്കുകയും സംസ്ഥാന സർക്കാരിന് കുറയ്ക്കാൻ സാധിക്കുന്ന പിഴ തുകകൾ 26/10/2019 ലെ സ.ഉ (പി) 37/2019/ഗതാ നമ്പർ ഉത്തരവ് പ്രകാരം കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കേന്ദ്ര നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നതിനേക്കാൾ കുറഞ്ഞ നിരക്കിലുള്ള പിഴയാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) | ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശ ങ്ങൾ ലഭ്യമാക്കാമോ; | | |
| (സി) | നിലവിലുള്ള നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുപകരം വൻതുക പിഴ യായി ചുമത്തിയ സർക്കാർ ഉത്തരവ് പിൻവലിക്കുമോയെന്ന് വ്യക്തമാക്കുമോ; | (സി) | കേന്ദ്ര മോട്ടോർ വാഹന (ഭേദഗതി) നിയമം, 01/09/2019 ന് രാജ്യമൊട്ടാകെ നിലവിൽ വന്നിരുന്നു. ആയതിനാൽ അതിനനുസൃതമായി കേരളത്തിലും വിജ്ഞാപനം ഇറക്കേണ്ടത് അനിവാര്യമാണ്. |
| (ഡി) | രാജസ്ഥാൻ, പശ്ചിമബംഗാൾ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ പുതിയ ഭേദഗതി നടപ്പിലാക്കിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; അതേ മാതൃകയിൽ ഭേദഗതി നടപ്പിലാക്കാതിരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>കേന്ദ്ര മോട്ടോർ വാഹന നിയമം രാജ്യമൊട്ടാകെ നിലവിൽ വന്നു കഴിഞ്ഞതിനാൽ പഴയ നിരക്കിൽ പിഴ ചുമത്തുക സാധ്യമല്ല. |

**സെക്ഷൻ ഓഫീസർ**